ഉത്തരം

(എ) ടെക്നോ പാർക്കിൽ പ്രവർത്തിക്കുന്ന വിവിധ സ്വകാര്യ കമ്പനികളിൽ നിന്നുമായി 2,86,68,065.03 രൂപയാണ് വിവിധയിനങ്ങളിലായി കുടിശ്ശികയായി കിട്ടാനുള്ളത്. ഇതിനുപകരം 4,33,47,663 രൂപ ഈ വിവിധ കമ്പനികളിൽനിന്ന് കരുതൽനിക്ഷേപമായി ടെക്നോപാർക്കിന്റെ കൈവശമുണ്ട്.

(ബി) 5 ലക്ഷം രൂപയിൽ കൂടുതൽ അറ്റ കുടിശ്ശിക വരുത്തിയ കമ്പനികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഇപ്രകാരം കുടിശ്ശിക വരുത്തുന്ന കമ്പനികളുമായി ചർച്ചകൾ നടത്തുകയും, വാടകയും മറ്റു നികുതികളും കൃത്യമായി അടയ്ക്കാൻ നിഷ്കർഷിക്കുകയും ചെയ്യുന്നുണ്ട്. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നേരിട്ട് കമ്പനി ഉദ്യോഗസ്ഥരുമായി ഇടപെട്ട് കുടിശ്ശിക തുക ഈടാക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. കുടിശ്ശിക അടച്ചു തീർത്തില്ലെങ്കിൽ വൈദ്യുതി ബന്ധം വിച്ഛേദിക്കുമെന്ന് ഇത്തരം കമ്പനികൾക്ക് മുന്നറിയിപ്പ് നൽകാറുണ്ട്. ചില കമ്പനികളുടെ വൈദ്യുതി വിതരണം നിർത്തിവയ്ക്കുകയും ചെയ്യുന്നു. കൂടാതെ കുടിശ്ശിക അടച്ചുതീർക്കാത്ത കമ്പനികൾക്കെതിരെ നിയമനടപടികളും സ്വീകരിച്ചുവരുന്നു.

കെൽട്രോൺ കോമ്പണന്റ് കോപ്ലക്സിന്റെ പ്രവർത്തനം

14 [4871] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ സ്ഥിതിചെയ്യുന്ന കെൽട്രോൺ കോമ്പണന്റ് കോംപ്ലക്സിനെ കെൽട്രോൺ ഗ്രൂപ്പിൽനിന്നും മാറ്റി സ്വതന്ത്ര കമ്പനിയുണ്ടാക്കാൻ എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ സർക്കാർ അതിന്മേൽ എന്തു തീരുമാനമെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) കമ്പനി ലാഭത്തിൽ പ്രവർത്തിക്കുകയാണെങ്കിൽ അതു സംബന്ധമായ വിശദാംശം വ്യക്തമാക്കുമോ;

(ഡി) കമ്പനിയുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എത്ര തുക വായ്പയെടുത്തു;

(ഇ) എത്ര തുക തിരിച്ചടച്ചു; ബാക്കി എത്രയുണ്ട്;

(എഫ്) അത്രയും തുക ബാക്കിവരാനുള്ള കാരണമെന്താണ്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) പ്രസ്തുത കമ്പനിയുടെ മെച്ചപ്പെട്ട പ്രവർത്തനം കണക്കിലെടുത്ത് ബാക്കി സംഖ്യ പലിശരഹിത വായ്പയായി സർക്കാർ അനുവദിക്കുമോ;

(എച്ച്) കെൽട്രോൺ ഗ്രൂപ്പിൽ നിന്നുംമാറ്റി സ്വതന്ത്ര കമ്പനിയിലാക്കിയ തിനുശേഷമേ വായ്പ അനുവദിക്കാവൂ എന്ന ഇ. ആർ. സി.-യുടെ ശുപാർശ സർക്കാർ തള്ളിക്കളയുമോ?

ഉത്തരം

(എ) കെൽട്രോൺ കോമ്പണന്റ് കോംപ്ലക്സിനെ സംബന്ധിച്ച് എന്റർപ്രൈസസ് റീഫോംസ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. തീരുമാനമെടുത്തിട്ടില്ല.

(ബി) പ്രവർത്തനം സംബന്ധിച്ച് എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പരിശോധനയിലാണ്.

(സി) കമ്പനിയുടെ പ്രവർത്തനം കഴിഞ്ഞ നാല് വർഷമായി നഷ്ടത്തിലാണ്. എന്നിരുന്നാലും പഴയ കടങ്ങളുടെ പലിശയും മൂല്യശോഷണവും നികുതിയും കണക്കാക്കാതിരുന്നാൽ ലാഭത്തിലാണെന്ന് പറയാം.

(ഡി) 8.02 കോടി രൂപയാണ് വായ്പയെടുത്തത്.

(ഇ) മുതലും പലിശയുമായി 183.74 കോടി രൂപ തിരിച്ചടച്ചു. ഇനി 14.60 കോടി രൂപ ബാക്കിയുണ്ട്. (31-3-2003-ലെ കണക്കനുസരിച്ച്)

(എഫ്) 1991 മുതൽക്കുണ്ടായ രൂപയുടെ മൂല്യശോഷണംമൂലം കടത്തിന്റെ മൂല്യം മൂന്നിരട്ടിയോളം വർദ്ധിച്ചു. ഇതാണ് പ്രധാന കാരണം.

(ജി) ഇത്തരമൊരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ ഇപ്പോഴില്ല.

(എച്ച്) കെൽട്രോൺ കോമ്പണന്റ് കോംപ്ലക്സിനെ സംബന്ധിച്ച ഇ. ആർ. സി.-യുടെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. തീരുമാന മൊന്നുമെടുത്തിട്ടില്ല.

കെൽട്രോണിന്റെ പ്രവർത്തനം

15 [4872] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:
„ സി. മമ്മൂട്ടി:
„ വി. കെ. ഇബ്രാഹിംകുഞ്ഞ്:
„ ഇ. ടി. മുഹമ്മദ് ബഷീർ:
„ കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിന്റെ പ്രവർത്തനം ഇപ്പോൾ നഷ്ടത്തിലാണോ ലാഭത്തി ലാണോ നടക്കുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly